കേരളസർവകലാശാല

നം.പി.ആർ.66(a)/2023

# പത്രക്കുറിപ്പ്

## ഭരത് മുരളി നാടകോത്സവം
## 2023 മാർച്ച് 30 മുതൽ ഏപ്രിൽ 04 വരെ

മലയാളമണ്ണിന്റെ തനിമ നിറഞ്ഞ കഥാപാത്രങ്ങളിലൂടെയുള്ള പകർന്നാട്ടത്താൽ മലയാളിയുടെ മനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടിയ അനുഗ്രഹീതനടനാണ് ശ്രീ.ഭരത് മുരളി. ജീവിതം അഭിനയക്കളരിയ്ക്കുള്ള വേദിയാണെന്ന് തിരുവനന്തപുരത്തെ നാടകപ്രവർത്തനത്തിലൂടെ തിരിച്ചറിഞ്ഞ അദ്ദേഹം സിനിമയിൽ സജീവമായിരുന്നപ്പോഴും നാടകത്തെ കൈമോശം വരാതെ കൂടെക്കൂട്ടിയിരുന്നു. ലങ്കേശന്റെ പകർന്നാട്ടങ്ങൾ ജീവിതവ്യാഖ്യാനമാകുന്നത് എങ്ങനെയെന്ന് ലങ്കാലക്ഷ്മിയുടെ ഏകാംഗ അവതരണത്തിലൂടെ അദ്ദേഹം തെളിയിച്ചിട്ടുണ്ട്. മലയാളിയുടെ പൊതുസ്വത്തായിത്തീർന്ന ശ്രീ.ഭരത് മുരളി കേരളസർവകലാശാലയുടെ സ്വകാര്യ അഹങ്കാരം കൂടിയാണ്. കേരളസർവകലാശാലയിലെ പൂർവ്വവിദ്യാർത്ഥിയും ഉദ്യോഗസ്ഥനുമായിരുന്ന അദ്ദേഹം നാടകത്തിലൂടെയും സിനിമയിലൂടെയുമുള്ള യാത്രയിൽ മുന്നേറുമ്പോൾ ഞങ്ങൾ അഭിമാനിച്ചിരുന്നു. അദ്ദേഹം വായനയെയും അഭിനയത്തെയും എത്രമാത്രം ജീവിതത്തോട്ട് ചേർത്തുവെച്ചിരുന്നു എന്നതിനു തെളിവാണ് അദ്ദേഹത്തിന്റെ 'അഭിനേതാവും ആശാൻ കവിതയും' എന്ന സംഗീതനാടകഅക്കാദമിയുടെ പുരസ്കാരം നേടിയ കൃതി. അദ്ദേഹത്തിന്റെ ഓർമ്മ നിലനിർത്തുന്നതിനായി കേരളസർവകലാശാല 2023 മാർച്ച് 30 മുതൽ ഏപ്രിൽ 4 വരെ ഒരു നാടകോത്സവവും പുസ്തകോത്സവവും സംഘടിപ്പിക്കുന്നു. കേരളസർവകലാശാല സെനറ്റ്ഹാളിൽ വൈകിട്ട് 5.30 മുതൽ നടക്കുന്ന നാടകോത്സവത്തിൽ നാടകരംഗത്തെ പ്രമുഖരുടെ പ്രഭാഷണവും ഉണ്ടായിരിക്കും. നാടകോത്സവം ഉദ്ഘാടനം ചെയ്യുന്നത് കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസവകുപ്പുമന്ത്രി ഡോ.ആർ.ബിന്ദുവും സമാപനം ഉദ്ഘാടനം ചെയ്യുന്നത് കേരളത്തിന്റെ സാംസ്കാരികവകുപ്പുമന്ത്രി ശ്രീ.സജി ചെറിയാനുമാണ്. ഉത്സവത്തിന്റെ ഒരു സായാഹ്നത്തിൽ കേരളത്തിന്റെ മുൻപ്രതിപക്ഷനേതാവ്

ശ്രീ.രമേശ് ചെന്നിത്തല എം എൽ എ മുരളി അനുസ്മരണ പ്രഭാഷണം നടത്തുന്നുണ്ട്.

ഈ നാടകോത്സവം തിരുവനന്തപുരത്തിന്റെ നാടകാപാരമ്പര്യത്തിന് കരുത്തുപകരുമെന്ന് കരുതുന്നു. നാടകം നിലനിൽക്കുന്നത് അതിന്റെ അവതരണത്തിലൂടെയും കാഴ്ചയിലൂടെയും വിലയിരുത്തലിലൂടെയുമാണല്ലോ. അത്തരം സാഹചര്യങ്ങൾ കൂടുതലുണ്ടാകുന്നത് ഏതൊരു നാടകത്തിനും നല്ലതാണ്. തിരുവനന്തപുരം പണ്ടേക്കുപണ്ടേ നാടകാവതരണങ്ങളിലൂടെ പ്രശസ്തമായ ജില്ലയാണ്. കേരളത്തിന്റെ തേക്കേയറ്റത്തുള്ള ഈ ജില്ല രാജഭരണകാലത്തുപോലും നാടകങ്ങളാൽ സജീവമായിരുന്നു. അധികാരത്തെയും സമൂഹത്തിന്റെ അപചയത്തെയും ആക്ഷേപിക്കുന്ന പ്രഹസനങ്ങൾ ഉദയം കൊണ്ടതും രംഗത്ത് സജീവമായിരുന്നതും ഈ തിരുവനന്തപുരത്തിന്റ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീട് എത്രയോ നാടകസംഘങ്ങൾ വന്നു. അത്തരമൊരു ഭൂതകാലത്തിന്റെ മാസ്മകരിക ഓർമ്മയിൽ നിന്നുകൊണ്ടാണ്, നാടകം എന്ന കാലാരൂപത്തിന്റെ വർത്തമാനകാലപ്രസക്തി ഉറപ്പിക്കുന്നതിനാണ് ഈ നാടകോത്സവം കേരളസർവകലാശാല സംഘടിപ്പിക്കുന്നത്.

വാർത്താസമ്മേളനത്തിൽ കേരളസർവകലാശാല രജിസ്ട്രാർ പ്രൊഫ.(ഡോ.)കെ.എസ്.അനിൽകുമാർ, നാടകോത്സവം ഇംപ്ലിമെന്റിംഗ് ഓഫീസർ പ്രൊഫ.സി.ആർ.പ്രസാദ്, അനദ്ധ്യാപക സാംസ്കാരിക സംഘടനാ പ്രതിനിധികളായ ശ്രീ.അജയ് ഡി.എൻ. (സെക്രട്ടറി കെ.യു.ഇ.യു.), ശ്രീമതി.വിജി ഡി.ബി. (സ്റ്റാഫ് യൂണിയൻ), ശ്രീ.സന്തോഷ് ജി നായർ (കൺവീനർ, നാടകോത്സവം) എന്നിവർ പങ്കെടുത്തു.

**തിരുവനന്തപുരം,**
**28.03.2023.**



**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)**

**E-mail:** For queries **helpdesk@keralauniversity.ac.in**
**website:** **www.keralauniversity.ac.in**

**For more details: 9497447713**